(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ എത്ര സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകൾ പിരിച്ചുവിടൽ ഹൈക്കോടതി ഉത്തരവു മുഖേന സ്റ്റേ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 101 സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളെ പിരിച്ചു വിട്ടിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ 26 സഹകരണസ്ഥാപനങ്ങളുടെ പിരിച്ചു വിടൽ ഹൈക്കോടതി ഉത്തരവു മുഖേന സ്റ്റേ ചെയ്തിട്ടുണ്ട്.

എൻ. സി. ഡി. സി. യുടെ സഹായത്തോടെ സഹകരണ മേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ

136 (1803) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ കേരളത്തിൽ സഹകരണ മേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിന് പുതിയ പ്രോജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിലുള്ള ചേനപ്പടി ക്രംബ് റബ്ബർ ഫാക്ടറി, കേരള കർഷക സഹകരണ ഫെഡറേഷന്റെ കീഴിലുള്ള കരുനാഗപ്പള്ളി ഓയിൽ കോംപ്ലക്സ്, റെയ്ഡ്കോയുടെ കീഴിലുള്ള പമ്പ്സെറ്റ് മാനുഫാക്ചറിംഗ് യൂണിറ്റ്, പഴം സംസ്ക്കരണ യൂണിറ്റ്, കറിപൗഡർ യൂണിറ്റ്, ഐ.സി.ഡി.പി. ധനസഹായ പദ്ധതിപ്രകാരം തൊടുപുഴ താലൂക്ക് റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ കീഴിലുള്ള ക്രംബ് റബ്ബർ ഫാക്ടറി, എല്ലുക്കൽ ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള പാൽ സംസ്ക്കരണ യൂണിറ്റ്, ഇടുക്കി ജില്ല കാലിത്തീറ്റ നിർമ്മാണ വിപണന സഹകരണ സംഘത്തിന്റെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറി, അറക്കുളം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലുള്ള സ്പൈസ് പൗഡറിംഗ് യൂണിറ്റ്, എറണാകുളം ജില്ലാ മൊത്ത വ്യാപാര സ്റ്റോറിന്റെ കീഴിലുള്ള കറിപൗഡർ യൂണിറ്റ്, കേരള പട്ടികജാതി -പട്ടികവർഗ്ഗ ഫെഡറേഷന്റെ കീഴിലുള്ള തേൻ സംസ്ക്കരണ യൂണിറ്റ്, ചീവയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

സംസ്ക്കരണ യൂണിറ്റ് എന്നിവയാണ് എൻ. സി. ഡി. സി. യുടെ ധനസഹായത്തോടെ കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ. ഇവ കൂടാതെ എൻ.സി.ഡി.സി. ധനസഹായം ലഭിച്ച് ചുവടെ ചേർക്കുന്ന വ്യവസായ സംരംഭങ്ങൾ രണ്ടായിരമാണ്ടിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

1. മലനാട് തേയില ഫാക്ടറി - മലനാട് സർവ്വീസ് സഹകരണ ബാങ്ക്
2. ഗീം കേക്ക് ഫാക്ടറി - പീരുമേട് മാർക്കറ്റിംഗ് സഹകരണസംഘം
3. റബ്ബർ ആന്റ്, ബലൂൺ നിർമ്മാണ ഫാക്ടറി } കോഴഞ്ചേരി താലൂക്ക് റബ്ബർ
4. ക്രീംഡ് ലാറ്റക്സ് യൂണിറ്റ് } മാർക്കറ്റിംഗ് സഹകരണസംഘം.

(സി) ഉണ്ട്.

(ഡി) കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ, കൺസ്യൂമർ ഫെഡറേഷൻ, മൈലപ്ര സർവ്വീസ് ബാങ്ക്, പഴവങ്ങാടിക്കര സർവ്വീസ് ബാങ്ക്, റബ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളുടെ 127.00 കോടി രൂപയുടെ പദ്ധതികൾ എൻ. സി. ഡി. സി. യ്ക്ക് അയച്ചിട്ടുണ്ട്.

വളമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന ഹൈസ്കൂൾ

137 (1804) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തലയ്ക്ക് സമീപമുള്ള വളമംഗലം സർവ്വീസ് സഹകരണബാങ്ക് ഒരു ഹൈസ്ക്കൂൾ നടത്തുന്നുണ്ടോ ;

(ബി) ഈ ഹൈസ്ക്കൂളിന്റെ പേരിൽ പ്രസ്തുത ബാങ്കിൽ എന്തു തുക നിക്ഷേപിച്ചിരുന്നു ;

(സി) ഈ തുക പിൻവലിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ എന്താവശ്യത്തിന് വേണ്ടിയാണ് ഈ തുക പിൻവലിച്ചത് ;

(ഇ) പിൻവലിച്ച തുക എന്താവശ്യത്തിന് വേണ്ടിയാണ് വിനിയോഗിച്ചത് ;

(എഫ്) ഈ തുക പിൻവലിച്ചപ്പോൾ ബാങ്കിലെ നിക്ഷേപതുക എത്രയായി ചുരുങ്ങി ;

(ജി) ഈ നിക്ഷേപം പിൻവലിച്ചതുമൂലം ബാങ്ക് നടത്തുന്ന സ്കൂളിലെയും ബാങ്കിലേയും ജീവനക്കാർക്ക് ശമ്പളം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ക്കൂളിന്റെ പേരിൽ നിക്ഷേപമില്ല.

LIBRARY ARCHIVES Kerala Legislative Assembly